at present for re-appropriation. An additional allotment of Rs. 39,000 is therefore necessary under "5—B—Village Panchayats". I request that the amount may be sanctioned.

Mr. President: There is a cut motion by Mr. Ashroff. Does he wish to move the cut?

CUT MOTION NO. I

Irrigation Measures—Extension of

* **Mr. P. A. Muhamed Ashroff** *(Cranganur):* Sir, I wish to move the following cut motion under Demand No. 8.

"To reduce the allotment of Rs. 39,000 for purchase of pumps in demand No. "8—Village Panchayats by Re. 1" *to impress upon the Government the urgent necessity of extending the irrigation measures to Cranganur Taluk and to Edavilangu Village of Mukundapuram Taluk also.*

സർ, ഈ പ്രദേശം ഞാൻ പ്രതിനിധീകരിക്കുന്ന നിയോജകമണ്ഡലത്തിൽ പെട്ട പ്രദേശമാണു്. ഇവിടെ കൊല്ലംതോറും മകരമാസത്തിൽ മാത്രമാണു കായ്മായ വിളവുണ്ടാകുന്നതു്. അതു മറ്റെല്ലായിടത്തേയുംപോലെ മഴയില്ലാത്തതുമൂലം വളരെ കഷ്ടനിലയിൽ എത്തിയിരിക്കയാണു്. വളരെ കഷ്ടനഷ്ടങ്ങൾ അവിടത്തെ കൃഷിക്കാർ അനുഭവിക്കുന്നുണ്ടു്. അതുകൊണ്ടു് ഏതെങ്കിലും വിധത്തിൽ മറ്റുദിക്കുകളിൽചെയ്യുന്നതുപോലെ പമ്പുവച്ചോ മറ്റേതെങ്കിലും വിധത്തിലൊ അവിടത്തെ കൃഷിക്കാർക്കു വെള്ളം കൊടുക്കുവാൻ വേണ്ട നടപടികൾ എടുത്തില്ലെങ്കിൽ അതു വളരെ അനീതിതന്നെ ആയിരിയ്ക്കും. അങ്ങിനെ ചെയ്തില്ലെങ്കിൽ അവിടെനിന്നു യാതൊന്നും കിട്ടുകയില്ല. അവിടത്തെ കൃഷി ആയകലം കരിഞ്ഞുതുടങ്ങിയിരിക്കുന്നു. അതുകൊണ്ടു കഴിയുന്ന വേഗത്തിൽ അതിനുവേണ്ട നടപടികൾ എടുത്തു് അവിടത്തെ കൃഷിക്കാർക്കു വേണ്ട രക്ഷചെയ്തുകൊടുക്കണമെന്നു ഗവൺമെണ്ടിന്റെ മുമ്പിൽ നിവേദനം ചെയ്യാനാണു ഈ കട്ടുമോഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ഇതിനെ ഈ സഭയും ഗവൺമെണ്ടും അംഗീകരിയ്ക്കും എന്നു വിശ്വസിച്ചുകൊണ്ടു് ഇതു ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

***Mr. K. Balakrishna Menon** *(Minister for Food and Education):* We are doing our best. It is not possible to give pumps to all places because we have only very few and limited number. They are already fixed up. Government regret to say that they could not get sufficient number of pumps. It is not a case of wilful negligence on the part of the Government. I can assure the Hon'ble Member that Government will strive their best to get as many pumps as possible in future. Beyond that we are unable to do any thing more.

Mr. C. R. Iyyunni *(Nellai):* On a point of information. A sum of Rs. 39,000 was allowed in the last session of the Council for this purpose. Were not pumps purchased?

***Rao Bahadur T. K. Nayar** *(Prime Minister):* No, Sir; there was some slight mistake. When we moved the additional allotment there was another Rs. 60,000 also for purchase of pumps and for putting up certain bunds etc. The office thought that this Rs. 39,000 was also included in the Rs. 60,000 and sanction was taken only for Rs. 60,000 whereas the actual requirement was Rs. 60,000 for bunding and Rs. 39,000 for pumps. So we immediately purchased the pumps taking Rs. 39.000 from that Rs. 60,000 and we have now come forward for that amount.

മിസ്റ്റർ. പി. എ. മുഹമ്മദു് അഷ്റോഫ്: ഗവൺമെണ്ടിനു പല വിഷമങ്ങളുമുണ്ടെന്നു് എനിയ്ക്കറിയാം. പമ്പുകൾ ധാരാളം വാങ്ങിയ്ക്കുണ്ടിവരും. അതിനു കോയമ്പത്തൂരിലേയ്ക്കും ബോംബേയിലേയ്ക്കും മറ്റും ചീഫ് എഞ്ചിനീയരെയും മറ്റു എഞ്ചിനീയർമാരേയും അയച്ചിട്ടുണ്ടെന്നു കേൾക്കുന്നുണ്ടു്. എങ്കിലും എനിക്കു വിനീതമായി ഗവൺമെണ്ടിനോടപേക്ഷിക്കുവാനുള്ളതു് അവിടെ എന്തെങ്കിലും ചെയ്യാൻ വിചാരിക്കുന്നുണ്ടെങ്കിൽ അതു കഴിയുന്ന വേഗത്തിൽ ചെയ്തുതരണം എന്നാണു്. ഇതിനെക്കുറിച്ചു് അനുഭാവപൂർവ്വം ആലോചിക്കാമെന്നു് മിനിസ്റ്റർ പറഞ്ഞതുകൊണ്ടു് അതിനെ വിശ്വസിച്ചു ഞാൻ ഈ കട്ടുമോഷൻ പിൻവലിയ്ക്കുന്നു.

Motion by leave withdrawn
Demand put and carried

(9) "40—Labour—Miscellaneous

Mr. K. Balakrishna Menon *(Minister for Food and Education):* Sir, I rise to move for an additional allotment of Rs. 2,725 under "40—Labour—Miscellaneous".

* Speech not corrected by the Hon'ble Members.

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. Balakrishna Menon]

The term of Adjudicator and staff has been extended for a period of two moths from 1st Vrischigam 1123 as some of the adjudications are still pending. There is no provision for this in the current year's budget. A sum of Rs. 2,725 will be required for meeting the pay of the Adjudicator and staff and other necessary expenditure in connection with the adjudication of trade disputes. Hence an additional allotment of Rs. 2,725 is necessary under "40—Labour—Miscellaneous". I request that the amount may be sanctioned.

Mr. President: There are two cut motions by Mr. Dewer.

Mr. P. K. Dewer *(Nominated):* I do not propose to move the cut motions because an adjournment motion is comming up for discussion this evening on the same subject. I do not therefore desire to take up the precious time of this House by moving this cut motion.

Mr. President: There is one more cut motion by Mr. Panicker. But I think that the same question comes under the adjournment motion.

CUT MOTION NO. 2

Abolishing the present system of adjudication and appointing a tribunal of.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ: സർ, ഇതാണ് എന്റെ കട്ട്മോഷൻ: "To omit the allotment of Rs. 2725 for '40 Labour-Miscellaneous' in Demand no. 9.

To press upon the government on the inevitable necessity of abolishing the present system of adjudication and appoint a tribunal composed of at least three non-officials."

സർ, ഇവിടെ അഡ്ജൂഡിക്കേഷൻ തുടങ്ങിയിട്ട് കുറച്ചുകാലമായി. ഇതുകൊണ്ടു രാജ്യത്തു കുഴപ്പം വർദ്ധിക്കുന്നതല്ലാതെ സമാധാനം ഉണ്ടായതായി കാണുന്നില്ല. രാജ്യത്തു സമാധാനംവരുത്താൻതക്കവിധത്തിലുള്ള ഒരു കൺസീലിയേഷൻ ആണ് ഇവിടെ ആവശ്യം. അഡ്ജൂഡിക്കേഷന്റെ വിധി അപ്പീലില്ലാത്ത വിധിയായിരിക്കും. ഗവണ്മെണ്ടു നിയമിക്കുന്ന ഒരാളായിരിക്കും അതു വിധിക്കുന്നതു്. പക്ഷെ, ആ വിധികൊണ്ടു് രാജ്യത്തു് അസമാധാനം വളരെ വർദ്ധിച്ചുവന്നതായിട്ടാണ് അനുഭവപ്പെട്ടതു്. ഒരു അനുദ്യോഗസ്ഥ കമ്മിറ്റി അതായതു്, ട്രേഡിനേയും, ഇൻഡസ്ട്രിയേയും, ലേബറിനേയും, പറ്റി അറിയുന്നതും പ്രതിനിധീകരിക്കുന്നതുമായ ഒരു ട്രിബ്യൂണൽ പ്രവർത്തിയ്ക്കുന്നതായാൽ ഈവക കുഴപ്പങ്ങൾ ഇല്ലാതാക്കാൻ സാധിക്കുമെന്നാണ് എന്റെ പൂർണ്ണമായ വിശ്വാസം. ബമ്മാഷെൽ കമ്പനിയിലെ തൊഴിൽ തർക്കത്തെ സംബന്ധിച്ചു് ഒരു അഡ്ജൂഡിക്കേഷൻ വിധിയുണ്ടായി. എന്നാൽ അഡ്ജൂഡിക്കേറ്ററുടെ അവാർഡിന്മേൽതന്നെ അതായതു് അവ്യക്തങ്ങളും ദ്വയാർത്ഥപ്രയോഗങ്ങളുംമൂലം അവിടെ രണ്ടാമതും കുഴപ്പമുണ്ടായി. കരുവന്നൂരിൽ ഓട്ടുകമ്പനികളെ സംബന്ധിച്ച അഡ്ജൂഡിക്കേറ്ററുടെ അവാർഡുതന്നെ പലവിധം കുഴപ്പങ്ങൾക്കു വഴിവെട്ടി തെളിയിച്ചിട്ടുള്ളതാണെന്നുള്ളതിനു പല ദൃഷ്ടാന്തങ്ങളുമുണ്ടു്. ഇങ്ങിനെ അഡ്ജൂഡിക്കേറ്ററുടെ അവാർഡു എവിടേയും കുഴപ്പമുണ്ടാകുന്ന ഒരു അവാർഡായിട്ടാണ് കാണുന്നതു്. ഇതിനു് ഒരു പെറിയ ഉദാഹരണം പറയാം. കട്ടികയ്ക്ക് കൊടുക്കേണ്ട കൂലി ഇന്നതാണെന്നു പറഞ്ഞിട്ടുണ്ടു്. കട്ടികളാണ് അവിടെ ഓടിന്റെ അരികു് മറിയ്ക്കുന്നതു്. ഓടിന്റെ അരികു മറിയ്ക്കുന്നതിനു ഇന്ന കൂലിയാണെന്നു് എവാർഡിൽ പ്രത്യേകം പറഞ്ഞിട്ടുമുണ്ടു്. അവിടെ കട്ടികളാണ് അരികു മറിയ്ക്കുന്നതു് എങ്കിൽ എതു കൂലിയാണ് കൊടുക്കേണ്ടതു് എന്നു ക്ലിപ്തമായി പറഞ്ഞിട്ടില്ല. ഇതു് തക്കം വലിപ്പിയ്ക്കാനുള്ള ഒരു എളുപ്പാടാണ്. ഇതുപോലെ പല ദൃഷ്ടാന്തങ്ങളും ഉണ്ടു്. ഈ കുഴപ്പമൊന്നും കൂടാതിരിക്കണമെങ്കിൽ ലേബറിനേയും, ട്രേഡിനേയും, ഇൻഡസ്ട്രീസിനേയും പ്രതിനിധീകരിയ്ക്കുന്നവരും അതിൽ പരിചയമുള്ളവരും ആയ ഒരു ട്രിബ്യൂണൽ ഏർപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ടു് ഇപ്പോഴത്തെ സിസ്റ്റം മാറി തൊഴിലാളികളും മാനേജുമെൻറും ഒത്തൊരുമിച്ചു പോകത്തക്കവിധത്തിലൊ യോജിപ്പിലും സൌഹാർദ്ദതയിലും വരുത്തത്തക്ക വിധത്തിലൊ ഉള്ള ഒരു ട്രിബ്യൂണൽ അഥവാ ഒരു കൺസിലിയേഷൻ ബോർഡു് നിയമിയ്ക്കണമെന്നാണു ഞാൻ പറയുന്നതു്.

മിസ്റ്റർ പി. കെ. ഡീവർ: കൺസിലിയേഷൻകൊണ്ടു സാധിയ്ക്കാതെ വന്നാൽ എന്താണു ചെയ്യേണ്ടതു്?

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇൻഡസ്ട്രീസിനേയും, ട്രേഡിനേയും, ലേബറിനേയും പറ്റി നല്ലപോലെ അറിവുള്ള ആളുകളായിരിക്കണം അനുദ്യോഗസ്ഥകമ്മിറ്റിയിൽ ഉണ്ടായിരിയ്ക്കേണ്ടതു്. അങ്ങിനെയായാൽ യാതൊരു കുഴപ്പവുമുണ്ടായിരിക്കുകയില്ല. ഇപ്പോഴത്തെ അഡ്ജൂഡിക്കേഷൻ പ്രവർത്തനം കാണുമ്പോൾ ഈ ഉദ്യോഗം നീട്ടിക്കൊണ്ടുപോകണം എന്നുദ്ദേശിച്ചു ചെയ്യുന്ന പ്രവർത്തികളാണോ ഇതു് എന്നു സംശയം തോന്നിയേക്കാം. അത്തരത്തിലുള്ള പ്രവർത്തനങ്ങളാണ കാണുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

Mr. P. K. Dewer *(Nominated):* We are on the cut motion, Sir, His is different. He says that an adjudicator need not be appointed.

Mr. President: Well, there is another cut motion saying that there is no use of adjudication.

Mr. P. K. Dewer *(Nominated):* That is on a different ground, Sir. The motion is the result of adjudication as is seen. Adjudication can be effected if the Government wills. Here it is stated that it is not adiudication that is required, but something else.

Mr. President : All right. If the Hon'ble Member wants to move it, he may do so.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഇങ്ങിനെയുള്ള അസ്വാസ്ഥ്യങ്ങൾ നാട്ടിൽ ഉണ്ടാക്കാതെ തൊഴിലാളികളും മുതലാളികളും തമ്മിൽ സൌഹാർദ്ദം സൃഷ്ടിയ്ക്കുവാൻ, അനവധി തൊഴിലാളികൾ പട്ടിണികിടന്ന കഷ്ടപ്പെട്ടന്ന ഒരു ദയനീയ കാഴ്ച മേലിൽ ഉണ്ടാവാതെ ഇരിക്കുവാൻ, നമ്മുടെ വ്യവസായങ്ങൾ തീരെ നശിച്ചുപോകുകയാതിരിപ്പാൻ വേണ്ടിയാണ് ഒരു അന്തർജ്ജാതീയ കമ്മിറ്റിയെ ഒരു ട്രിബ്യൂണൽ എന്ന പേരിൽ നിയമിക്കണം എന്നുള്ള കട്ടമോഷൻ ഇവിടെ കൊണ്ടുവന്നിട്ടുള്ളതു്. ചുരുങ്ങിയതു മൂന്നുപേർ ട്രിബ്യൂണലിൽ വേണമെന്നു പറഞ്ഞിട്ടുള്ളതുകൊണ്ടു് മൂന്നുപേരിൽ കൂട്ടുവാൻ പാടില്ലെന്നില്ല. ഇതിനെ സംബന്ധിച്ചു് ബഹുമാനപ്പെട്ട മന്ത്രിയുടെ അഭിപ്രായം എന്താണെന്നു അറിഞ്ഞാൽ കൊള്ളാം. ഈ മോഷൻ ഞാൻ ഈ സഭയുടെ അംഗീകരണത്തിനു ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. P. Govinda Menon *(Ernakulam):* Sir, I speak on this motion not only because the Hon'ble Mr Panicker spoke about the futility of the mechanism of adjudication, but also because the Hon'ble Minister now in charge of labour is reported to have stated recently in a Press Conference that it is much better to have conciliation proceedings to set disputes between labour and employers than adjudication proceedings. I hope and believe that the Hon'ble Minister has not come to any final conclusion on that matter and would stil keep an open mind. From the Agenda I find the Government are still thinking of introducing an Industrial Disputes Bill. Now, Sir, I am a strong supporter of the mechanism of adjudication for settling disputes between labour and industry. I have come to that conclusion after intimate contact with the demands of labour. Conciliation proceedings also have a place in the scheme of settlement of labour disputes. I don't deny that. If a committee of conciliation or a board of concilitation can bring industry and employees together and settle labour disputes so much the better. I remember when there was a dispute between the beedi workers and the employers of the beedi workers as to conditions of work, and as to the wages payable to the beedi employees, my Hon'ble friend Mr. Balakrishna Menon appointed a board of conciliation I think Mr. C. Sankara Menon, who is now in this House in connection with the Industrial Disputes Bill, was appointed as conciliator. After an elaborate enquiry, after taking evidence from various witnesses and in several localities, he submitted to Government a very learned and exhaustive report which Government found no reason to differ from. But unfortunately under the present Trade Disputes Act, there is no provision for enforcing such a finding. If the beedi employers do not pay the wages fixed by the conciliator after elaborate enquiry, Government are helpless. In fact Government found themselve s in a helpless condition, because they could not enforce it. In many cases that may not happen. In many cases it would be possible for a man of personality, contact and conciliatory spirit to bring management and employees together and to settle disputes, but in certain cases it will not be possible. It is in such cases that Government must be armed with a sanction to enforce the decisions of the adjudicator. In short, Sir, an adjudication proceeding is a conciliation proceding plus a sanction under which Government can enforce those proceedings if the industry would not accept. It is wrong to say that adjudication proceedings are proceedings under which industry and labour will range themselves as warring parties and tend to more and more of quarrels and misunderstandings between the two. It is really a sort of conciliation proceedings. The report of the adjudicator has not by itself got operative value. Automatica ly his pronouncements Government enforces and it is the Government order which gives sanctity and binding character to the adjudicator's report. No doubt the present legislation under which adjudication proceedings are being conducted in Cochin is defective. It was a legislation which came into existance during the period of the war when it was found necessary to prevent strikes on the part of the labourers; but at the same time give them a substitute, a forum where they can redress their grievances. This adjudication proceedings are not peculiar to Cochin. The Government of India have passed a legislation—I don't know whether it is still pending—introduced by the Labour Member of the Government of India making provision for adjudication. And in the consideration of that Bill, not alone lay politicians, but experienced workers in the Trade Union field and also experienced industrialists

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. Govinda Menon]

took part and they came to the conclusion that in this country there should be some process under which workers should not be driven to strikes to settle their disputes—there must be some forum wherein they can raise their complaints and some judicial officer who can give his decision. There is a very interesting piece of legislation passed in the Province of Bombay. The legislation was prepared by that great trade uninionist of India, Mr. Guzarilal Nanda, who now occupies the position of Labour Member to the Government of Bombay. The Bombay legislation provides for work committees, provides for conciliation committees and for Industrial Courts also. I have before me a copy of the Bombay Legislation and I think it will be interesting to read the statements of objects and reasons of that legislation. Will you kindly excuse me, Sir, if I read a few paras from it.

Mr. President: Yes.

Mr. P. Govinda Menon *(Ernakulam):* "The Bombay Industrial Disputes Act of 1938 has been in force for the last eight years. The provisions of the Act have been availed of extensively by the employers as well as the employees in the Textile Industry, to which alone the Act has so far been applied. It has to a very large degree served the purpose for which it was intended. With the passage of years and on the strength of the experience gained during this period it has, however, become necessary and possible to build further on the same foundations.

The provisions relating to Labour Courts are an innovation so far as this country is concerned. An analysis of strikes and lock outs occurring over a series of years has revealed the fact that a large proportion of stoppages arises out of disputes involving no substantial issues. Delay in the redress of grievances of workers with regard to these matters and one sided exercise of discretion in dealing with them creates a large volume of bitterness and discontent which lead to frequent disturbances of the peace of the industry and cause serious loss of production and workers' earnings.

The conciliation procedure in the Act 1938 has not been found to be quite suitable for dealing with disputes of this character, both because of the length of time which the proceedings take and the lack of finality at the end of the proceedings. A remedy for this will be found in the Labour Courts which will be instituted under the new Act, to ensure impartial and relatively quick decisions in references regarding illegal changes, illegal strikes and lock-outs and the complaints that either side may bring up".

Now Sir, as was pointed out in the statement of objects and reasons..

Mr. M. O. Thomakutty *(Industries and Commerce):* Was there any appeal on the adjudicator's report ?

Mr. P. Govinda Menon *(Ernakulam):* No Sir. In the absence of some tribunal to settle disputes between labour and industry. Labour in this country, or in any country is not going to obey the wise dictum coming from men like King Canute who come and say "you stop there", "you ought not make that slogan or this slogan" "you ought not strike work" etc. Labour has become class conscious and the trade union movement has adopted strike as a very legitimate weapon. In the absence, therefore, of some machinery to settle labour disputes, there would be frequent strikes. What is the remedy which you have to find for this ? Conciliation Committees ? Yes, they have a place. But sometimes the report of the Conciliation Committees and conciliation boards may not be accepted either by labour on the one hand or by industry on the other. Is Government to stand helpless ?, to sit idle and see their own decisions being flouted, helpless to enforce the decisions arrived at by their own adjudicator ?

I completely agree with my friend, Mr. Balakrishna Menon, that conciliation is useful, but at the same time there must be a provision for adjudication also. My friend Mr. Panicker said that a non-official committee is better than a judicial officer. I disagree with him in that matter, because an adjudication court will have to sift evidence, will have to decide complicated questions of law and often come to decisions upon points which are very seriously fought by either parties before him, and unless such cases are handled by a man with judicial and legal knowledge, certainly there will be wrong decisions. That is why in Bombay and other places, adjudication questions are decided by persons qualified to be High Court Judges. There may be technical questions which fall to be decided by such courts, and in the matter of deciding those questions, generally experts are appointed as assessors, and they give their opinion. And therefore I take this opportunity to request my Hon'ble friend, Mr. Balakrishna Menon, not to rush to the conclusion that adjudication proceedings are bad. Adjudication orders will not be flouted if Government have a mind to see that the report of the adjudicators, which are accepted by them and according to which orders are issued by them, are honoured both by labour and by industry. There have been several adjudications in this country and they have settled satisfactorily the disputes and now to say that trade and industry must be left to govern their re-

LIBRARY ARCHIVES Kerala Legislative Assembly

lations according to the doctrine of *Laissez Faire* that will be giving room for greater strife between labour and industry in this country.

The House rose for lunch at 1-30 p. m. and reassembled at 2-30 p. m. with the Hon'ble President in the Chair.

Mr. P. K. Dewer *(Nominated):* Can any other member speak on the cut motion?

Mr. President: Members can speak after the Hon'ble Member for Government has spoken. That is the rule, but in that case the Government Member will have to reply again. If the Hon'ble Member desires to speak now, he may.

* മിസ്റ്റർ പി. കെ. ഡീവർ: സർ, ഇപ്പോൾ ഇവിടെ നിലവിലുള്ള അഡ്ജൂഡിക്കേഷൻ സമ്പ്രദായം വേണമോ, അതോ മിസ്റ്റർ പണിക്കർ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന കൺസീലിയേഷൻ സമ്പ്രദായം വേണമോ എന്നുള്ളതാണ് ആലോചനാവിഷയം. കൺസീലിയേഷൻ ഏർപ്പെടുത്തുന്നതിനുള്ള നിയമം കൊച്ചിയിലുണ്ട്. അതനുസരിച്ച് ഒരു കൺസീലിയേഷൻ ബോർഡു ഇവിടെ ഏർപ്പെടുത്തുകയുണ്ടായി. അതിന്റെ പ്രവർത്തനം വിജയകരമാകാതിരുന്നതുകൊണ്ടാണ് അഡ്ജൂഡിക്കേഷൻ ഏർപ്പാട് ചെയ്തത്. ഈ അഡ്ജൂഡിക്കേഷൻ ഇവിടെ ഏർപ്പാട് ചെയ്തിട്ടുള്ളതു തൊഴിലാളികളുടെ ആവശ്യത്തിന്മേലല്ല. ഈ രാജ്യത്തു വ്യാവസായികസമാധാനം പുലർത്തുവാൻ വേണ്ടി, ഈ രാജ്യത്തു വ്യവസായത്തൊഴിലുടമകളും തൊഴിലാളികളും തമ്മിലുള്ള തർക്കം മദ്ധ്യസ്ഥത്തിലെത്തി അതു വ്യവസായത്തിന്റെ പുരോഗതിയെ ബാധിക്കാതിരിപ്പാൻവേണ്ടിയാണ് അഡ്ജൂഡിക്കേഷൻ ഏർപ്പാട് ചെയ്തിട്ടുള്ളതു. ഇതു ബഹുമാനപ്പെട്ട പ്രജാമണ്ഡലം നേതാവു പറഞ്ഞതുപോലെ ഇവിടെ പുത്തരിയല്ല. കൊച്ചിയിലെ നിയമങ്ങളും ബ്രിട്ടീഷിന്ത്യയിൽനിന്നു കടം വാങ്ങിയവയാണ്. യുദ്ധകാലത്താണ് തൊഴിലാളികളെ നിയന്ത്രിക്കുന്ന നിയമങ്ങളുണ്ടാക്കിയതു. അതുണ്ടാക്കിയതു മിക്കവാറും സ്റ്റോറിന്റെ ആവശ്യത്തിനുവേണ്ടിയാണ്. തൊഴിലുടമകളുടെ ആവശ്യത്തിനു വേണ്ടിയാണ്. അല്ലാതെ തൊഴിലാളികളുടെ ആവശ്യത്തിനു വേണ്ടിയല്ല. തൊഴിലാളികൾക്ക് ശരിയായി അവകാശമുള്ളതായ, തൊഴിലാളികൾക്ക് അവരുടെആവശ്യങ്ങൾസാധിച്ചുകിട്ടുന്നതിനുള്ള അംഗീകൃതമാർഗ്ഗമായ പണിമുടക്കിനെ നിരോധിക്കുന്ന നിയമങ്ങളും അക്കാലത്തുണ്ടായിട്ടുണ്ട്. തൊഴിലാളികൾ അതിനെ പ്രതിഷേധിച്ചിട്ടുമുണ്ട്. ഇന്നും കൊച്ചിയിൽ നിലവിലുള്ള നിയമപ്രകാരം തൊഴിലാളിവർഗ്ഗത്തിനു സ്വതന്ത്രമായി പണിമുടക്കാനുള്ള അവകാശം നൽകിട്ടില്ല. ഫർ ദിവസത്തെ നോട്ടീസ് ഗവൺമെണ്ടിനും, മുതലാളികൾക്കും കൊടുത്ത ശേഷമല്ലാതെ തൊഴിലാളികൾക്കു പണിമുടക്കാൻ പാടില്ലയെന്ന നിയമം ഇവിടെ ഇന്നും നിലവിലിരിക്കുകയാണ് ചെയ്യുന്നതു. ഇതു തൊഴിലാളികളുടെ സ്വാതന്ത്ര്യത്തെ, തൊഴിലാളികളുടെ അവകാശത്തെ ഗവൺമെണ്ടു കവർന്നെടുത്തിട്ടുള്ള ഒരേർപ്പാടാണ്. ഇങ്ങിനെ ഒരേർപ്പാടു നിലവിലിരിക്കുന്നതിന്റെ അർത്ഥം, ഇങ്ങിനെയൊരേർപ്പാടു കൊണ്ടുവന്നിരിക്കുന്നതിന്റെ അർത്ഥം, ഈ രാജ്യത്തു തൊഴിൽതർക്കമോ, കുഴപ്പമോ കൂടാതെ വ്യവസായസമാധാനം പുലർത്തുവാൻ, ഗവൺമെണ്ടിനു തൊഴിൽതർക്കത്തിലിടപെടുവാൻ ഉള്ള അവസരം നൽകണമെന്നുള്ളതാണ്. അപ്പോൾ തൊഴിലാളികളുടെ പണിമുടക്കാനുള്ള സ്വാതന്ത്ര്യത്തിന്മേൽ ഒരു "വെച്ചുമൂക്ക്" വെക്കുന്ന ഗവൺമെണ്ടിനു, തൊഴിലാളികളും മുതലാളികളും തമ്മിലുള്ള തർക്കത്തിൽ ഏർപ്പെടുന്നതിനു ധാർമ്മികമായ ഒരു ചുമതലയുണ്ടെന്നു വരുന്നുണ്ട്. ആ ചുമതല എങ്ങിനെ നിർവ്വഹിക്കാമെന്നുള്ളതാണ് പ്രധാനമായി ആലോചിക്കാനുള്ളതു. ആ ചുമതല നിർവ്വഹിക്കാൻ കൺസീലിയേഷൻ ബോർഡാണ് വേണ്ടതെന്നു ചിലർക്കഭിപ്രായമുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി അടുത്തുണ്ടായ ഒരു പ്രസ്സ് കോൺഫ്രൻസിൽവെച്ചു പറഞ്ഞതായി പ്രസിദ്ധപ്പെടുത്തിക്കണ്ടു, അദ്ദേഹത്തിനു അഡ്ജൂഡിക്കേഷൻ കാര്യത്തിൽ വിശ്വാസമില്ലെന്നു. അദ്ദേഹം തൊഴിൽമന്ത്രിയായിരുന്ന കാലത്തു മിസ്റ്റർ ഗോവിന്ദമേനോൻ പറഞ്ഞതുപോലെ, ഇവിടെ ബീഡിതൊഴിലാളികളുടെ തൊഴിൽ തർക്കം തീരുമാനിക്കുന്നതിനു ഒരു കൺസീലിയേഷൻ ബോർഡുവെച്ചു. അതിന്റെ ഫലമെന്തായിയെന്നു അദ്ദേഹത്തോടാലോചിച്ചുനോക്കൻ ഞാൻ പറയുന്നു. ആ കൺസീലിയേഷൻ ബോർഡ് ഇരുകൂട്ടരേയും രഞ്ജിപ്പിക്കുന്നതിനു വലിയ പരിശ്രമങ്ങൾ ചെയ്തു. പക്ഷെ അതു ഫലശൂന്യമായിപ്പോകുകയാണുണ്ടായതെന്നു ഗവൺമെണ്ടിൻ മനസ്സിലായിട്ടുണ്ട്. കൺസീലിയേഷൻ ബോർഡ് റിപ്പോർട്ടെഴുതിയുണ്ടാക്കുന്നതിനു

*Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

[Mr P. K. Dewer]

കുറെ ടലാസുമറവും ചിലവാക്കുന്നു എന്നുള്ളതല്ലാതെ, അതു റിപ്പോർട്ടുകൊണ്ടു യാതൊരു പ്രയോജനവുമുണ്ടാകുന്നില്ല. അതിനുവേണ്ടി ചിലവാക്കുന്ന പണവും മറവും വെറുതെയായിത്തീരുന്നു.

ഇതിന്റെ മറ്റൊരുവശവുംകൂടിഞാൻ പറയാം. അന്നുദ്യോഗസ്ഥന്മാരടങ്ങിയ ഒരു കൺസീലിയേഷൻബോർഡ് ആണ്വേണ്ടതെന്നു മിസ്റ്റർ പണിക്കർ ഇവിടെ പറഞ്ഞു. അന്നുദ്യോഗസ്ഥന്മാരടങ്ങിയ ഒരു കൺസിലിയേഷൻ ബോർഡിലെ ഒരംഗമാണു ഞാൻ. മണലി ഓട്ടുകമ്പനിയിലെ തൊഴിൽത്തക്കം രഞ്ജിപ്പിൽതീർക്കുന്നതിനു് ഒരു കൺസിലിയേഷൻ ബോർഡ് ഏർപ്പെടുത്തിയിട്ടുണ്ടു്. അതിനുശേഷം നാലഞ്ചുമാസമായി ഞങ്ങൾ പലപ്രാവശ്യവും യോഗങ്ങൾകൂടി തൊഴിലാളികളേയും, മുതലാളിയേയും രഞ്ജിപ്പിക്കുന്നതിനു് പ്രയത്നിച്ചു. പക്ഷെ യാതൊരു ഫലവുമുണ്ടായില്ല. ഞങ്ങളുടെ റിപ്പോട്ടു് രേഖപ്പെടുത്തുകമാത്രമാണുചെയ്തതു്. അതു ഒരു രേഖയായികിടക്കുന്നു എന്നുള്ളതിൽ കവിഞ്ഞു് അതുകൊണ്ടു യാതൊരു പ്രയോജനവും ഉണ്ടായില്ല. മണലി ഓട്ടുകമ്പനി തൊഴിലാളികളും മുതലാളിയും തമ്മിലുള്ള തൊഴിൽതക്കം പിന്നെയും രേഷിക്കുന്നു. അതിനെ സംബന്ധിച്ചു ഞങ്ങളുടെ റിപ്പോർട്ടുണ്ടു് എന്നുള്ളതിൽ കവിഞ്ഞു യാതൊന്നും ഉണ്ടാകാൻ പോകുന്നില്ല. ഇപ്പോൾ ഇവിടെ നടപ്പിലിരിക്കുന്ന അഡ്ജൂഡിക്കേഷൻ എങ്ങിനെയുണ്ടായി എന്നുകൂടി ഒന്നു പരിശോധിച്ചുനോക്കാം. എവിടെയെങ്കിലും ഒരുതൊഴിൽതക്കമുണ്ടായാൽ ഉടനെതന്നെ അഡ്ജൂഡിക്കേഷൻ ഏർപ്പെടുത്തുകയല്ല ചെയ്യുന്നതു്. ഇവിടത്തെ ലേബർകമ്മീഷണർ കൺസിലിയേഷൻ ആപ്പീസർ കൂടിയാണു്. തൊഴിലാളികളേയും; മുതലാളികളേയും തമ്മിൽ രഞ്ജിപ്പിക്കുന്നതിനു ഗവമ്മെണ്ടിൽനിന്നും നിയുക്തനായിരിക്കുന്ന കൺസീലിയേഷൻ ആപ്പീസർ കൂടിയാണു് ലേബർ കമ്മീഷണർ. തൊഴിലാളികളേയും. മുതലാളികളേയും തമ്മിൽ രഞ്ജിപ്പിക്കുന്നതിനുള്ള പരിശ്രമം വിഫലമായതിനു ശേഷമാണു് അഡ്ജൂഡിക്കേഷൻ ചെയ്യുന്നതു്. അല്ലാതെ എവിടെഎങ്കിലും തൊഴിൽ തക്കമുണ്ടായാൽ ഉടനതന്നെ എടുത്തുചാടി അഡ്ജൂഡിക്കേഷൻ വയ്ക്കുകയല്ലചെയ്യുന്നതു്. നിബ്ബന്ധഅഡ്ജൂഡിക്കേഷനെ തൊഴിലാളികളും എന്നും എതിർത്തുകൊണ്ടാണിരിക്കുന്നതു്. തൊഴിലാളികളുടെ ശക്തി നോക്കുന്നപക്ഷം, ഒരു അഡ്ജൂഡിക്കേഷൻകൂടാതെതന്നെ അവരുടെ കാര്യങ്ങളും നേടാൻസാധിക്കും. തൊഴിലാളികളുടെ ധാർമ്മികമായ ശക്തിയെ ഉയർത്തിപിടിച്ചുകൊണ്ടു ഒരു ജീവൻമരണസമരത്തിൽ ഏർപ്പെട്ടുകൊണ്ടു ഒന്നുകിൽ മരിക്കുക, അല്ലെങ്കിൽ വിജയിക്കുക എന്നുള്ള അടിസ്ഥാനത്തിൽ തൊഴിലാളികളുടെ കാര്യങ്ങൾക്കുവേണ്ടി സമരംചെയ്തു അതു വാങ്ങിയ്ക്കുവാൻസാധിയ്ക്കും. അതുകൊണ്ടു അഡ്ജൂഡിക്കേഷൻ വയ്ക്കുന്നതു തൊഴിലാളികളുടെ കാര്യത്തിനുവേണ്ടിയല്ല, ഗവമ്മെണ്ടിന്റെ ആവശ്യത്തിനുവേണ്ടിയാണു് മുതലാളികളുടെ ആവശ്യത്തിനുവേണ്ടിയാണു് എന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഈ അഡ്ജൂഡിക്കേറ്റർതന്നെ ആരാണു്? ഇന്നത്തെ സാമൂഹ്യവ്യവസ്ഥയെടുത്തുനോക്കുന്നപക്ഷം, ഈസാമൂഹ്യവ്യവസ്ഥയിൽകൂടി വളർന്നുവന്നു് ഈ സാമൂഹ്യവ്യവസ്ഥയനുസരിച്ചുള്ള വിദ്യാഭ്യാസം സമ്പാദിച്ചിട്ടുള്ള അയാൾ ഒരിക്കലും ഒരു തൊഴിലാളിപക്ഷപാതിയാകാൻ തരമില്ല. മുതലാളിതത്തിൽ വിശ്വസിക്കുന്ന ആളാണു് അയാൾ; അയാൾ അനുസരിച്ചുവന്നിട്ടുള്ള നിയമങ്ങൾ മുതലാളിതത്തെ പരിപാലിക്കുന്നതിനു്, മുതലാളിതത്തെ പരിരക്ഷിച്ചുകൊണ്ടുപോകാൻ പര്യാപ്തമായനിയമങ്ങളാണു്. ഈ നിയമങ്ങൾ പാലിച്ചുകൊണ്ടുവരുന്ന അഡ്ജൂഡിക്കേറ്റർ ഒരിക്കലും തൊഴിലാളികളുടെ ഭാഗത്തുനില്ലുമെന്നു വിശ്വസിയ്ക്കാൻ നിവർത്തിയില്ല. മുതലാളി പക്ഷപാതിയാകാനേ തരമുള്ളു. അങ്ങിനെയുള്ള അഡ്ജൂഡിക്കേറ്ററുടെ അഡ്ജൂഡിക്കേഷൻ അവാർഡു് എടുത്തുനോക്കിയാൽ അതിൽ മുഴച്ചുകാണുവാൻ കഴിയും മുതലാളിപക്ഷപാതം. ഏതെങ്കിലും ഒരു അഡ്ജൂഡിക്കേഷൻ അവാർഡു് എടുത്തുനോക്കിയാൽ ഈ രാജ്യത്തിലെ സാമാന്യ ജനങ്ങളുടെ ആഗ്രഹത്തെ മുൻനിത്തി അവലോകനം ചെയ്താൽ അതു തൊഴിലാളിപക്ഷ പാതപരമായിട്ടുള്ളതല്ല, മുതലാളിപക്ഷപാതപരമായിട്ടുള്ളതാണു് എന്നു കാണാൻ സാധിയ്ക്കും. അതുകൊണ്ടു് അഡ്ജൂഡിക്കേഷനെ എതിർക്കുന്ന ആളുകൾ തീർച്ചയായും ഇന്നത്തെ ഗവമ്മെണ്ടിന്റെ സുസ്ഥതിയുടേയും, മുതലാളിതത്തിന്റെ നിലനില്പിന്റേയും നാരായവേരിനെ വെട്ടുവാനുള്ള കണ്ണുകോടാലിയായിരിക്കുമെന്നു് അവർ മനസ്സിലാക്കണം.

ഇവിടെ നിർഭാഗ്യകരമായ ഒരു പ്രസ്താവന ഉണ്ടായതിനെപ്പറ്റികൂടി ഒരു വാക്കുപറയാം. ഇവിടെ മറുപടിപറയാൻ സാധിയ്ക്കാത്ത ചില ആളുകളെപ്പറ്റി ചില അപവാദശരങ്ങൾ ഒരു പ്രസ്താവനയിൽ തൊടുത്തു വിടുകയുണ്ടായി. അതു നിർഭാഗ്യകരമായ ഒരു സംഗതിയാണു്. വളരെക്കാലം നിയമസ്ഥാനങ്ങളിൽഇരുന്ന നിയമം പാലിച്ചുകൊണ്ടിരു

LIBRARY ARCHIVES Kerala Legislative Assembly

ന്ന ഒരാളെ ഇവിടെയുണ്ടാകുന്ന തൊഴിൽ തർക്കം തീർക്കുന്നതിന്നു് ഒരു അഡ്ജൂഡിക്കേറ്ററായി വെച്ചപ്പോൾ അഡ്ജൂഡിക്കേഷൻ ഉദ്യോഗം നീട്ടിക്കൊണ്ടുപോകുന്നതിന്നു് ഉദ്യമിയ്ക്കുകയാണു് ചെയ്യുന്നതു് എന്ന ഒരു പ്രസ്താവന ചെയ്തതു വളരെ പരിതാപകരമായിരിക്കുന്നു. കൺസീലിയേഷൻബോർഡു് പ്രയോജനകരമായിരിക്കുകയില്ലായെന്നുള്ളതിനു യാതൊരു സംശയവുമില്ല. തൊഴിലാളികളും മുതലാളികളും തമ്മിൽ സൗഹാർദ്ദത്തോടുകൂടി ചെയ്യേണ്ട പല സംഗതികളിലും ഇന്നു മുതലാളികൾ ചെയ്യുന്നപ്രവൃത്തി വച്ചുനോക്കുകയാണെങ്കിൽ ഇങ്ങിനെ ഒരു അഡ്ജൂഡിക്കേഷൻ കൂടാതെ കഴിയുകയില്ലെന്നുകാണാം. ഈ അഡ്ജൂഡിക്കേഷൻകൊണ്ടു് എന്താണു ദോഷംവന്നതു്. ഏതാനും ചിലമുതലാളിമാർ അവക്കുകിട്ടുന്ന കൊള്ളലാഭത്തിൽനിന്നും ചെറിയ ഒരാദായം തൊഴിലാളികൾക്കുകൊടുക്കണമെന്നു് അഡ്ജൂഡിക്കേറ്റർ വിധിച്ചപ്പോൾ അതു് കൊടുക്കേണ്ടിവരും എന്നുള്ള വെപ്രാളംകൊണ്ടു് അതിനെ ചിലർ എതിർക്കുന്നു. അവരുടെ പിന്നിൽ ഇന്നത്തെ ഗവമ്മെണ്ടുണ്ടെന്നുള്ള ധിക്കാരത്തോടുകൂടി അവർ അഡ്ജൂഡിക്കേഷൻ തെറ്റാണെന്നു പറയുന്നതു വളരെ അന്യായമാണു്.

അഡ്ജൂഡിക്കേഷൻ വിധി നടപ്പാക്കാൻ സാധിയ്ക്കാതെ ഗവമ്മെണ്ടു ബുദ്ധിമുട്ടുന്നുണ്ടു്. അഡ്ജൂഡിക്കേഷൻ വിധിനടപ്പാക്കാൻ സാധിക്കാത്ത ഒരു ഗവമ്മെണ്ടിനു കൺസീലിയേഷൻബോർഡിന്റെ റിപ്പോർട്ടു് എങ്ങിനെ നടപ്പിൽവരുത്താൻ സാധിക്കും? നിയമപ്രകാരം വിധികല്പിയ്ക്കുവാൻ അധികാരമുള്ള അഡ്ജൂഡിക്കേറ്ററുടെ വിധിയെ ധിക്കരിയ്ക്കാനുള്ള ശക്തി തൊഴിലുടമകൾക്കുണ്ടെങ്കിൽ ഇങ്ങിനെ ഒരു അധികാരവുമില്ലാത്ത കൺസീലിയേഷൻ ബോർഡിന്റെ റിപ്പോർട്ടു് എങ്ങിനെ പ്രയോജനപ്പെടുത്താൻ സാധിക്കുമെന്നാണു് കൺസീലിയേഷനിൽമാത്രം വിശ്വസിക്കുകയും, അഡ്ജൂഡിക്കേഷനിൽ വിശ്വസിയ്ക്കാതിരിക്കുകയും ചെയ്യുന്നഗവമ്മെണ്ടു വിചാരിക്കുന്നതു്. എനിയ്ക്കിതു മനസ്സിലാക്കാൻ സാധിക്കുന്നില്ല.

കൺസീലിയേഷൻ ബോർഡിന്റെ റിപ്പോർട്ടു് നടപ്പാക്കാൻ ഗവമ്മെണ്ടിനു സാദ്ധ്യമല്ല. അഡ്ജൂഡിക്കേഷൻ അവാർഡു നടപ്പാക്കാൻ ഗവമ്മെണ്ടിനു് അധികാരമുണ്ടു്. പക്ഷേ ഇന്നത്തെ നിയമത്തിനു് ചില പരിമിതികളും ഉണ്ടു്. അതിൽ ലോക്കേടു് എന്ന പദം ഉണ്ടു്. ക്ലോസ്സു് ഡൌൺ എന്ന പദം ഇല്ല എന്ന കുറവാണു പറയുന്നതു്. എന്നാൽ അധികാരമുള്ള ഗവമ്മെണ്ടിനു് ഇതിനെല്ലാമുള്ള നിയമങ്ങളും മിനിറ്റു വെച്ചു ഉണ്ടാക്കാൻ സാധിക്കും. പാലിയം പോലെയുള്ള ജന്മികളെ നിലനിർത്തുന്നതിനുവേണ്ടി പ്രത്യേകാധികാരമുപയോഗിച്ചുകൊണ്ടു് പ്രൊക്ലമേഷൻ ഉണ്ടാക്കുവാൻ സാധിക്കുന്ന ഗവമ്മെണ്ടിനു ഇങ്ങിനെയുള്ള നിയമത്തിന്റെ ദോഷവശങ്ങളും മാറ്റാൻ അധികാരമില്ലെയെന്നാണു ഞാൻ ചോദിക്കുന്നതു്. പക്ഷേ ഒരു സംഗതി ഗവമ്മെണ്ടിനോടും മുതലാളിമാരോടും പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മുതലാളിതത്വത്തിന്റെ നിലനില്പാണു ഗവമ്മെണ്ടാഗ്രഹിക്കുന്നതു്. ഗവമ്മെണ്ടിന്റെ അന്തസ്സിനെ വെല്ലുവിളിച്ചുകൊണ്ടു് ഗവമ്മെണ്ടിന്റെ അഭിമാനത്തെ വെല്ലുവിളിച്ചുകൊണ്ടു ഗവമ്മെണ്ടിന്റെ അധികാരത്തെ ചോദ്യംചെയ്യുന്ന മുതലാളിതത്വത്തിന്റെ ഈമാതിരിയുള്ള തന്ത്രങ്ങളും അനുവദിക്കാനാണു പോകുന്നതു് എങ്കിൽ ഈ ഗവമ്മെണ്ടു മുതലാളിതത്വത്തെ താലോലിക്കുന്ന ഒരു ഗവമ്മെണ്ടാണു്. മുതലാളികളുടെ ഈ കെണിയിൽ പെടുകയാണെങ്കിൽ ഗവമ്മെണ്ടിന്റെതന്നെ കടപുഴക്കുന്ന ഒരു വഴിയിലേക്കായിരിക്കും അതു ചെന്നവീഴുക. പക്ഷെ ഇന്നത്തെ ഗവമ്മെണ്ടു് അധികാരം വച്ചു പുലർത്തുന്നതിനു മുതലാളികളുടെ സഹായം ആവശ്യമാണെന്നു മനസ്സിലാക്കീട്ടായിരിക്കും അങ്ങിനെ ചെയ്യുന്നതു്. ഇന്നത്തെ ഗവമ്മെണ്ടിനെ അധികാരമില്ലാത്ത ആ നിസ്സഹായ സ്ഥിതിയിലേക്കു് എത്തിക്കുന്നതു മുതലാളികൾക്കുതന്നെ ദോഷമാണു്. കാരണം ഇന്നത്തെ ഗവമ്മെണ്ടിലുള്ളവർ അവരുടെ മച്ചുമ്പികളാണു്. അതുകൊണ്ടു കൺസീലിയേഷൻ തുടങ്ങിയ കുതന്ത്രങ്ങളും പ്രയോഗിക്കുവാൻ ശ്രമിക്കേണ്ട. ഈ കുതന്ത്രങ്ങളും എത്രത്രപത്തിലുള്ളതാണെന്നു ജനങ്ങൾക്കു് അറിയാം. അതെല്ലാം ഞങ്ങൾ അറിഞ്ഞു കഴിഞ്ഞിട്ടുണ്ടു്. ഇത്രയും പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു.

മിസ്റ്റർ പൂതൂർ അച്യുതമേനോൻ: സർ, ഈ വിഷയത്തെക്കുറിച്ചു ഞാനും രണ്ടുവാക്കു പറയാൻ ആഗ്രഹിക്കുന്നു. അഡ്ജൂഡിക്കേഷൻ കേടതി എന്നുപറയുന്നതു കോടതിയാണെന്നു ഗവമ്മെണ്ടു എഴുതിവെച്ചിട്ടുണ്ടു്. അതിനെപ്പറ്റി വിമർശിച്ചാൽ ഡിസ്സിക്ടു് മജിസ്ട്രേട്ടിനെപ്പറ്റി വിമർശിക്കുന്നതുപോലെയോ, ഹൈക്കോട്ടു് ജഡ്ജിയെപ്പറ്റി വിമർശിക്കുന്നതു പോലേയോ കണക്കാക്കുമെന്നു ഗവമ്മെണ്ടു ധരിച്ചിട്ടുണ്ടു്. അതിനെ ഓർത്തുകൊണ്ടാണു ഞാൻ രണ്ടു വാക്കുപറയാൻ പോകുന്നതു്. അതു ഒരു കോടതിയാണു്. അ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Puthur Achutha Menon]

തിനെ മാനിക്കാൻ ഞാൻ തയ്യാറാണ്. അഡ്ജൂഡിക്കേറ്റർ വളരെ അധികം തെറ്റു ചെയ്ത മുതലാളിത്വത്തെ നശിപ്പിക്കാൻ പ്രവർത്തിച്ചിട്ടുണ്ടെന്നു ഇവിടെ പറഞ്ഞു. അഡ്ജൂഡിക്കേഷൻ വിധിയെ സംബന്ധിച്ചു കുഴപ്പം ഉണ്ടായിക്കൊണ്ടിരിക്കുന്ന കരുവന്നൂരിൽ സാധാരണ നാട്ടുകാരുടെ ഇടയിൽ മുതലാളികൾ പ്രചരിപ്പിച്ചിരിക്കുന്ന ഒരു വർത്തമാനം അഡ്ജൂഡിക്കേറ്റർജോലി നിലനിർത്താൻവേണ്ടി ചില കായ്യങ്ങൾ ചെയ്യുന്നു എന്നാണ്. സാമാന്യജനങ്ങളുടെ ഇടയിൽ മുതലാളിമാർ പ്രചരിപ്പിക്കുന്ന ഈ സംഗതി അതേ സ്വരത്തിൽതന്നെ ഇവിടേയും ചില പ്രസംഗങ്ങൾ ഉണ്ടായതിൽ ഞാൻ അത്ഭുതപ്പെട്ടുപ്പെട്ടുന്നു. ഇക്കായ്യത്തിൽ ഒരു വാക്കു ഞാൻ പറയട്ടെ. ഇയ്യുപ്പൻമില്ലിൽ ഒരു അഡ്ജൂഡിക്കേഷനുണ്ടായി. അതിൽ അഡ്ജൂഡിക്കേറ്റർ പൊതുവെ തൊഴിലാളികൾക്കു ദോഷം വരുന്ന ഒരു തീരുമാനമെടുത്തു. പിരിച്ചുവിട്ട തൊഴിലാളികളെ തിരിച്ചെടുക്കാൻ സാധിക്കുന്നതല്ലാ, ഒരു പൈസപോലും കൂടുതൽകൊടുക്കാൻ സാദ്ധ്യമല്ലായെന്നു അഡ്ജൂഡിക്കേറ്റർ വിധിച്ചു. എങ്കിലും തൊഴിലാളികൾ അഡ്ജൂഡിക്കേറ്ററുടെ വിധിയെ മാനിച്ചു. അതു് കോടതി വിധിച്ച വിധിയാണ്, അതിനെ മാനിക്കേണ്ടകടപ്പാടുണ്ടു് എന്നുള്ള ബോധത്തോടുകൂടി അവർ അതിനെ മാനിച്ചു. അവർ സ്ട്രൈക്കു ചെയ്യാനോ, മറ്റു കുഴപ്പത്തിന്നോ ഒന്നും ഒരുങ്ങിയില്ല. അഡ്ജൂഡിക്കേഷൻ വിധിക്കു കീഴ്വഴങ്ങുകയാണു ചെയ്തതു്. ഇപ്പോൾ ഓട്ടുകമ്പനി മുതലാളികൾ പൊക്കിപ്പിടിക്കുന്നതു മംഗലാപുരത്തെ ഒരു അഡ്ജൂഡിക്കേഷൻ വിധിയെയാണു്. അവിടത്തെ തൊഴിലാളികൾ സമരം ചെയ്തതിന്റെ ഫലമായി അവിടെ ഒരു അഡ്ജൂഡിക്കേഷൻ വെച്ചു. അഡ്ജൂഡിക്കേറ്ററുടെ വിധി തൊഴിലാളികളുടെ ആവശ്യത്തെ തെല്ലെങ്കിലും സാധിക്കുന്നതായിരുന്നില്ല. എങ്കിലും തൊഴിലാളികൾ വിധി സ്വീകരിച്ചു. വിധിയുടെ കാലാവധികഴിയുന്നതിയ്യതിക്കു ശേഷം അഖിലകണ്ണാടക ഓട്ടുകമ്പനി തൊഴിലാളികൾ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടി സമരം ചെയ്യുമെന്നു പ്രഖ്യാപിച്ചു. അതിന്നുവേണ്ടി പരിപാടികൾ ഇട്ടു. അതേസമയം വിധിയെ അവർ മാനിച്ചു. ഇവിടെയും അഡ്ജൂഡിക്കേഷൻ വിധി മാനിക്കുന്നതിന്നു തൊഴിലാളികൾ തയ്യാറായി. ഈ നാട്ടിൽ സമാധാനം വേണമെന്നുണ്ടെങ്കിൽ ഈ നാട്ടിൽ ഉത്തരവാദഭരണം തൊഴിലാളികൾക്കും മുതലാളികൾക്കും ആവശ്യമുണ്ടെന്ന ബോധമുണ്ടെങ്കിൽ അതിന്നു പറ്റിയ ഏക ആയുധം അഡ്ജൂഡിക്കേഷൻ മാത്രമാണെന്ന വിശ്വാസക്കാരനാണുഞാൻ. ഇതിന്നു മുമ്പിലത്തെ മന്ത്രിസഭയുടെ കാലത്തു് അഡ്ജൂഡിക്കേഷൻ ഇവിടെനടന്നു. അതെല്ലാംവലിയ കമ്പനികളെ സംബന്ധിച്ചുള്ളതാണു്. അന്നതു നടപ്പാക്കാൻ സാധിച്ചു. എന്തുകൊണ്ടെന്നാൽ അന്നത്തെ ഗവമ്മെണ്ടു തൊഴിലാളികളോടു നീതിചെയ്യുന്ന ഒരു ഗവമ്മെണ്ടായിരുന്നു. മുതലാളികളുടെ ഭാഗത്തുനില്ക്കുന്ന ഒരു ഗവമ്മെണ്ടല്ല ന്യായത്തിന്റെ ഭാഗത്തു നില്ക്കുന്ന ഒരു ഗവമ്മെണ്ടാണു് എന്നുള്ളതുകൊണ്ടാണു്. ഇന്നു ഈ അഡ്ജൂഡിക്കേഷൻ വിധിയെ എതിർക്കാൻ മുതലാളിമാർക്കു എങ്ങിനെ ശക്തിയുണ്ടായി, എങ്ങിനെ ധൈര്യമുണ്ടായി. ഇന്നത്തെ ഗവമ്മെണ്ടു അവിടെ ഇരിക്കണമെന്നുണ്ടെങ്കിൽ മുതലാളിമാരുടെ സഹായമില്ലാതെ പറ്റുകയില്ലായെന്നുള്ള ബോധ്യം വന്നതുകൊണ്ടാണു്. അതുകൊണ്ടാണു ചിലകൂട്ടർ അവിടെഇരുന്നു അഡ്ജൂഡിക്കേഷൻ വിധിയെ കുറ്റം പറയുന്നതു്. അതുകൊണ്ടു് എനിക്കു ഗവമ്മെണ്ടിനോടു പറയാനുള്ളതു് ഇതുമാത്രമാണു്. ഇന്നത്തെ കൊച്ചിഗവമ്മെണ്ടു ആരുടെ എങ്കിലുമായിക്കൊള്ളട്ടെ തൊഴിലാളികളുടേയും, മുതലാളികളുടേയും കായ്യത്തിൽ ന്യായമായ സമാധാനമുണ്ടാക്കാൻ അഡ്ജൂഡിക്കേഷൻകൊണ്ടുമാത്രമെ സാധിക്കുകയുള്ളു. അതുവേണ്ടാ എന്നു പറയുന്നതുകൊണ്ടു ഈ നാട്ടിൽ അസമാധാനത്തിന്റെ വിത്തു പാകുകയാണു ചെയ്യുന്നതു്. പക്ഷെ, തൊഴിലാളികൾക്കു് ഇതിൽ പരാതിയില്ല. തൊഴിലാളികൾ എന്നും നിബ്ബന്ധ അഡ്ജൂഡിക്കേഷനെ എതിർത്തിട്ടുണ്ടു്. അവരുടെ തലയിൽ കെട്ടിവച്ചിട്ടുള്ള ഒരു ഭാരമാണതു്. എന്നാൽ നിയമം അനുസരിക്കണം എന്നുള്ള വിശ്വാസത്തോടുകൂടി തൊഴിലാളികൾ ഇതിനെ അനുസരിച്ചിട്ടുണ്ടു്. മുതലാളികൾക്കു് എന്തും ചെയ്തുകൊടുക്കുന്ന ഗവമ്മെണ്ടു്, മുതലാളിത്വത്തിന്നുവേണ്ടി നിയമം ഉണ്ടാക്കുന്ന ഗവമ്മെണ്ടു് അന്തിക്കാട്ടെ തൊഴിലാളികളെ അടിച്ചമർത്താൻ എത്രമണിക്കൂർ കൊണ്ടാണു നിയമമുണ്ടാക്കിയതു്? അങ്ങിനെയുള്ള നിയമങ്ങൾ ഉണ്ടാക്കിയ നിങ്ങളാണൊ മുതലാളിത്വത്തിനെതിരായി തൊഴിലാളികളെ സംരക്ഷിക്കുന്നതിന്നുള്ള നിയമങ്ങൾഇല്ലായെന്നു പറയുന്നതു്? നിങ്ങൾക്കുവേണമെന്നുണ്ടെങ്കിൽ നിയമമുണ്ടാകും. അതിന്നു തടസ്ഥമായിനില്ക്കുന്നതു് ഇവിടത്തെ മുതലാളിത്വമല്ലെ? മുതലാളിത്വമാണെങ്കിൽ ഞാനിതാവിളിച്ചുപറയുന്നു, ഈ മുതലാളിത്വ

LIBRARY ARCHIVES Kerala Legislative Assembly

ത്തെ വെച്ചുകൊണ്ടും ഇനി, ഇവിടെ ഭരിക്കാൻ സാദ്ധ്യമല്ലായെന്നു്. ഇത്രമാത്രമെ എനിക്കു് ഇപ്പോൾ പറയുവാനുള്ളൂ.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഈ വിഷയത്തിൽ ഗവണ്മെണ്ടിന്റെ നില എന്താണെന്നു് അറിഞ്ഞാൽകൊള്ളാം.

Mr. K. Balakrishna Menon *(Minister for Food and Education)*: It is very much regretted that there are some misunderstandings entertained by the Hon'ble Members in regard to the policy of the Government in the matter of settling labour disputes. It is a fact that in the Press Conference I laid emphasis upon the extreme necessity of concilliation boards. Those of you who had a chance to go through my budget speech when I was the first Labour Minister in the year 1121, you will find that in the first instance all differences between labour and capital will be amicably settled and for which it is absolutely necessary there should be voluntary organisation. I also contended that in industry there should be conciliation board. Until these voluntary bodies function, it is not possible to settle the differences amicably. Then and then alone that Government should step in whether through the instrument of the Court of the adjudicator or the Conciliatory Board this question can be solved. It is in that background that I made my submission at the Press Conference. I never contended that adjudication should be removed root and branch. As said by my Hon'ble friend Mr. Govinda Menon, I keep an open mind not only in this matter, but in all matters. Government will be only too glad to receive any criticisms from the Hon'ble Members. I contend, Sir, that adjudication is essential, but only in this contingency *i.e.*, only when voluntary organisations fail. It is a fact which inevitab'y we cannot ignore. Both management and labour have to pull on amicably so that the country at large may be benefited. Now it is not any bad blood that is required by resorting to any sanction and it is that aspect of the question, Sir, that I laid emphasis at the Press Conference. I am not for removing the adjudication root and branch. No. I do want it as a last resort. Once again I request the Hon'ble Members who have been maintaining this doubt that it is not the Government's idea to abolish it. Government refute the insinuation of the Hon'ble Member who said that the adjudicator's term has been extended with that motive. No Government found that there were several cases of which cognizance should be taken and Government found it necessary to appoint somebody. Mr. C. Sankara Menon has already been nominated a member of the Council for the purpose of the Industrial Disputes Bill and it was only a right that he has been nominated rather than bring in somebody who is untrained in the line. More so in the light of the fact that after this bill becomes law, we are going to set up a court—that was the idea prevailing upon the Government. Regarding the other point about the attitude of the Government in regard to the Karuvannur Tile Factory the insinuation made by my friend Mr. Achutha Menon, it is my lot, Sir, to make a reply in the adjournment motion regarding the same matter. I do refute the charge that it is a Government of the capitalists and that this Government proposes to stick on by backing the capitalists. No. Sir, I am not a capitalist. In spite of the fact that I am a member of the Government I have got my own individuality and respect to my own consciousness. In spite of the fact of Mr. Thomakutty's suggestion, that certainly is not going to influence the Government. You may take my word for that. But all the same I want to maintain law and order in the country. I have tried my level best to get both parties together. All the same I find that the problem is there. What should Government do. Last time when you were here, you made law in pursuance of your policy and when you have gone out, we are here to do the job.

Mr. Puthur Achutha Menon *(Kattur)*: Sir, on such occasions we made law and we can do it again.

Mr. K. Balakrishna Menon *(Minister for Food and Education)*: All right, then you come and do.

Mr. P. Govinda Menon *(Ernakulam)*: In good time we will come.

Mr. K. Balakrishna Menon *(Minister for Food and Education)*: Yes, Sir.

Mr. P. Govinda Menon *(Ernakulam)*: Mark the day.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: സർ, തൊഴിലാളി മുതലാളി തക്കങ്ങളെ സംബന്ധിച്ചുള്ള പല വിമർശനങ്ങളും ഇവിടെ ഉണ്ടായി. തൊഴിലാളികളിൽനിന്നും എന്തോ ചീലമിച്ചുണ്ടാം വാങ്ങിച്ചുകൊണ്ടു് നടത്തുന്ന നിലയിലുള്ള വിമർശനങ്ങളാണു് ഇവിടെ നടന്നതു്. എന്റെ അഭിപ്രായത്തിൽ മുതലാളികളും തൊഴിലാളികളും തമ്മിലുള്ള രഞ്ജിപ്പു് ഇ

LIBRARY ARCHIVES Kerala Legislative Assembly

[Mr. M. O. Thomakutty]

തിന്നു മുമ്പു ധാരാളമുണ്ടായിരുന്നു. പ്രജാമണ്ഡലം അധികാരത്തിൽ വന്നതിന്നു ശേഷമാണു് ഈ നാട്ടിൽ കഴപ്പും വളർത്തിട്ടുള്ളതു്. ഈ കഴപ്പത്തിന്നു കാരണഭൂതന്മാരായിരുക്കുന്ന തൊഴിലാളി നേതാക്കന്മാരെ അരനിമിഷംപോലും പുറത്തു വച്ചുകൊണ്ടിരിക്കാതെ ഗവണ്മെണ്ടിന്റെ കസ്റ്റടിയിൽ പിടിച്ചുവെച്ചു ഈ രാജ്യത്തു സമാധാനം പാലിക്കേണ്ടതാണു്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഇതാണോ ഇന്നത്തെ ഗവണ്മെണ്ടിന്റെ നയം?

മിസ്റ്റർ എം. ഒ. തോമക്കുട്ടി: ഞാൻ എന്റെ അഭിപ്രായമാണു പറയുന്നതു്. തൊഴിലാളികളെ വഴിപിഴപ്പിച്ചു് അവരുടെ കയ്യിൽനിന്നും കിട്ടുന്ന കാത്തുവാങ്ങി, അനുഭവിക്കുന്ന വർഗ്ഗമാണു ഇന്നത്തെ തൊഴിലാളി നേതാക്കന്മാർ. അവരാണു് കൊച്ചിരാജ്യത്തിന്റെ ഇന്നത്തെ അധഃപതനത്തിന്നു കാരണഭൂതന്മാർ. അതുകൊണ്ടാണു് അവരെ ഒരു നിമിഷം പോലും പുറത്തു വച്ചുകൊണ്ടിരിക്കാൻ പാടില്ലെന്നുപറയുന്നതു്. മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ ബോംബെയിലും മറ്റും നടപ്പിൽവന്നിരിക്കുന്ന നിയമങ്ങളെ കുറിച്ചു ഇവിടെ പറയുകയുണ്ടായി. ബോംബെയിലെമാതിരി വ്യവസായങ്ങളും കൊച്ചീരാജ്യത്തുണ്ടോ? മുഴുവൻ തൊഴിലാളികളും പണിയെടുക്കുന്ന തൊഴിൽശാലകളും ഈ രാജ്യത്തു കൈവിരലിൽ എണ്ണിതീർക്കാവുന്നവ മാത്രമേയുള്ളു. ബാക്കിയുള്ളവ എട്ടും പത്തും തൊഴിലാളികളെ വച്ചു ജോലി ചെയ്യുന്ന വ്യവസായങ്ങളാണു്. ബോംബെയിലുള്ള നിയമങ്ങളും ഇവിടെ നടപ്പിൽവരുത്തുകയാണെങ്കിൽ യാതൊരു വ്യവസായവും നടത്താൻ സാദ്ധ്യമല്ല. ബോംബേയിലെ നിയമങ്ങളും കൊച്ചീരാജ്യത്തു് അക്ഷരംപ്രതി നടപ്പിൽവരുത്തുകയാണെങ്കിൽ യാതൊരു തൊഴിൽശാലകളും ഇവിടെ നടക്കുകയില്ലായെന്നു മാത്രമല്ല ജനങ്ങളും ദാരിദ്ര്യത്തിന്റെ അടിത്തട്ടിലേക്കു് ആണ്ടുപോകുകയും ചെയ്യും. ഇതു കേവലം തൊഴിലാളികളിൽനിന്നു കിട്ടുന്ന മിച്ചം വാങ്ങി അവരെ തെറ്റിദ്ധരിപ്പിച്ചു്, അടുത്ത നിയമസഭയിൽ കടന്നുകൂടുവാനുള്ള ചില കുതന്ത്രങ്ങളാണു്. കൺസിലിയേഷൻ ബോർഡു വയ്ക്കുന്നതുകൊണ്ടു കൂടുതൽ രഞ്ജിപ്പോടുകൂടി മുതലാളികളും തൊഴിലാളികളും കൂടികഴിയുവാനുള്ള ഒരു നില കിട്ടും. അതുകൊണ്ടു കൺസിലിയേഷൻ ബോർഡു് ഇവിടെ പ്രവർത്തനരൂപത്തിൽ കൊണ്ടുവരേണ്ടതാണു ഗവണ്മെണ്ടിന്റെ മുമതല. അഡ്ജൂഡിക്കേഷൻ കൊണ്ടു ഈ രഞ്ജിപ്പുണ്ടാകാൻ പ്രയാസമാണു്. അതുകൊണ്ടു് അതു ആവശ്യമില്ലെന്നാണു എന്റെ അഭിപ്രായം. മിസ്റ്റർ ഡീവറും, മിസ്റ്റർ പുത്തൂർ അച്യുതമേനവനും, കരുവന്നൂർ സംഭവത്തെ സംബന്ധിച്ചു, അവിടത്തെ തൊഴിലാളികളോടും പ്രസംഗിച്ചു. നിങ്ങൾക്കു മൂന്നു മാസംകൊണ്ടു കമ്പനി ഇറപ്പിച്ചുതരാം, അതിന്റെ പ്രവർത്തകന്മാരുടെമേൽ പ്രോസിക്യൂഷൻ കൊണ്ടുവരാം എന്നെല്ലാം. ഇങ്ങിനെ മുതലാളിമാരെ വെല്ലുവിളിച്ചുകൊണ്ടു് ആ സാധുക്കളെ പട്ടിണിയിലേക്കു തള്ളിവിട്ടു. അവരിപ്പോൾ യാതൊരു ജോലിയുമില്ലാതെ കഴിഞ്ഞുകൂടുകയാണു്. എന്നാൽ ഇതെല്ലാം പ്രസംഗിച്ച നേതാക്കന്മാരോ, സുഖമായി ജീവിക്കുകയും ചെയ്യുന്നു. ഈ വിധത്തിൽ ജനങ്ങളെ കഷ്ടപ്പെടുത്തുന്ന ഇത്തരം തൊഴിലാളി നേതാക്കന്മാരുടെ പേരിൽ കർശനമായ നടപടികളും ഗവണ്മെണ്ടു നടത്തിയാൽ തരക്കേടില്ല.

Mr. P. Govinda Menon *(Ernakulam)*: Is this the Government's view?

Rao Bahadur T. K. Nayar *(Prime Minister)*: That is Mr. Thomakutty's views.

Mr. P. Govinda Menon *(Ernakulam)*: Then pray for saving yourself from your friends. Say that in your party meeting.

Mr. M. O. Thomakutty *(Commerce and Industry)*: In the open Council I am saying this.

Mr. P. Govinda Menon *(Ernakulam)*: You can advise your Ministers to arrest him in the party meeting.

മിസ്റ്റർ എം. ഒ. തോമക്കുട്ടി: അതുകൊണ്ടു് ഒരു കൺസീലിയേഷൻ ബോർഡായിരിക്കും കൂടുതൽ പ്രയോജനപ്പെടുകയെന്നാണു എന്റെ അഭിപ്രായം.

* മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: സർ, ഈ വിഷയത്തിൽ ഗവണ്മെണ്ടിന്റെ നിലയെന്താണെന്നു വളരെ സദുദ്ദേശത്തോടുകൂടി ഞാൻ ചോദിക്കുകയുണ്ടായി. നിർഭാഗ്യവശാൽ, അഡ്ജൂഡിക്കേഷൻ ഏപ്പാട് മാറ്റി കൺസീലിയേഷൻ ബോർഡുമുഖേന പ്രവർത്തനം നടത്തണമെന്ന വാദം കൊണ്ടുവന്നിരിക്കുന്ന ഈ വിഷയത്തിൽ, ഏതാണു് ഇന്നത്തെ ഗവണ്മെണ്ടിന്റെ സപീകാര്യമായിട്ടുള്ളതു എന്നു ഞാൻ ചോദിച്ച ചോദ്യത്തിന്നു്, ലേബർ മന്ത്രിയുടെ മറുപടിയിൽനിന്നു ഒരു ഉത്തരം കിട്ടിയില്ല; അല്ലെങ്കിൽ മന്ത്രി അവർകളും പറഞ്ഞതിനെ ഞാൻ ശരിയായി ധരിച്ചില്ല. അതുകൊണ്ടു ഈ വിഷയത്തിൽ എന്റെ അ

* Speech not corrected by the Hon'ble Member

LIBRARY ARCHIVES Kerala Legislative Assembly

ഭിപ്രായം പ്രകടിപ്പിക്കേണ്ടതായി വന്നിരിക്കുന്നു. വ്യവസായലോകത്തിൽ പ്രധാന ഘടകങ്ങളായ തൊഴിലാളികളും, മുതലാളികളും തമ്മിൽ അഭിപ്രായവ്യത്യാസം വരുമ്പോൾ അതിനെ ഇല്ലായ്മചെയ്യുന്നതിനു് ഇന്നു പ്രവർത്തനത്തിൽ ഇരിക്കുന്നഅഡ്ജൂഡിക്കേഷൻ ഏറ്റവാടാണോ നല്ലതു് അതോ കൺസീലിയേഷൻ ഏറ്റവാടാണോ നല്ലതു് എന്നുള്ളതാണു് ഇവിടത്തെ ആലോചനാവിഷയം. ഒരു കൺസീലിയേഷൻ ഒരു അവസരത്തിലുണ്ടായി; അതിന്റെ പ്രവർത്തനം വളരെ സുഖകരമായ നിലയിലല്ല അവസാനിച്ചതു, അതുകൊണ്ടു് ആ പന്ഥാവു തെറ്റിപ്പോയിരിക്കുന്നു എന്നു പറയുന്നതു ശരിയല്ല. അഡ്ജൂഡിക്കേഷൻ ഏറ്റവാട ഇപ്പോൾ ഇവിടെ നടന്നുവരുന്നുണ്ടു്. അതിനെ ചിലർ ആക്ഷേപിക്കുന്നുണ്ടു്; ചിലർ നന്നായി പറയുന്നുമുണ്ടു്. ഈ വിഷയത്തിൽ എനിക്കുള്ള അഭിപ്രായം ഞാൻ ഇവിടെ പറയട്ടെ. ഇതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട കോമേർസു് മെമ്പർ അദ്ദേഹത്തിന്റെ അഭിപ്രായം പറഞ്ഞയവസരത്തിൽ ഇതാണോ ഇന്നത്തെ ഗവമ്മെണ്ടിന്റെ അഭിപ്രായമെന്നു വളരെ ചുമതലയേറിയ ഒരു സ്ഥാനത്തിരിക്കുന്ന എന്റെ ഒരു മാന്യ സ്നേഹിതൻ ചോദിക്കുകയുണ്ടായി. അദ്ദേഹം എത്രത്തോളം അധ:പതിച്ചിട്ടുണ്ടെന്നുള്ളതു ഈ ചോദ്യംകൊണ്ടു കാണാവുന്നതാണു്. ഏതായാലും ഈ വിഷയത്തിൽ എനിക്കുള്ള അഭിപ്രായം ഞാൻ പറയട്ടെ. ഗവമ്മെണ്ടിന്റെ അഭിപ്രായം എന്നുള്ള നിലയിലല്ല, വടക്കാഞ്ചേരി മെമ്പറുടെ അഭിപ്രായം എന്നുള്ള നിലയിലാണു ഞാൻ ഇതു പറയുന്നതു്. തൊഴിലാളികളും മുതലാളികളും തമ്മിലുള്ള അഭിപ്രായവ്യത്യാസം ഇല്ലായ്മചെയ്യുന്നതു കൺസീലിയേഷൻ ബോർഡുകൊണ്ടു സാധിച്ചാൽ തീർച്ചയായും അതു് അഡ്ജൂഡിക്കേഷൻ ഏറ്റവാടിനേക്കാൾ വളരെ നല്ല കാര്യമാണു്. അഡ്ജൂഡിക്കേഷന്റെ മുമ്പിൽ ഇരു കക്ഷികളും, തങ്ങൾ ചെയ്തതാണു ശരിയെന്നു വാദിക്കും. ഒരാൾ കോടതിയിൽ അന്യായംകൊടുത്താൽ താൻ ചെയ്തതു ശരിയല്ലെന്നു ബോദ്ധ്യമുണ്ടെങ്കിൽക്കൂടി, താൻ ചെയ്തതു ശരിയാണെന്നു കോടതിയിൽ പറയും. അതുപോലെ തന്നെ പ്രതിയും ചെയ്യും. അതുപോലെ അഡ്ജൂഡിക്കേഷന്റെ മുമ്പിലും ഇരുകക്ഷികളും തങ്ങളുടെ പ്രവർത്തികൾ ന്യായമാണെന്നു വാദിക്കും. അതുകൊണ്ടു തൊഴിലാളികളും മുതലാളികളും തമ്മിൽ രഞ്ജിപ്പുണ്ടാകാൻ വളരെ ബുദ്ധിമുട്ടുണ്ടു്. നേരേമറിച്ചു കൺസീലിയേഷൻ ഏറ്റവാടാണെങ്കിൽ ഈ ബുദ്ധിമുട്ടുണ്ടാകയില്ല. തൊഴിലാളികളുടേയും, മുതലാളികളുടേയും, പ്രതിനിധികൾ രഞ്ജിപ്പാടുകൂടി കാര്യങ്ങൾ പറഞ്ഞവസാനിപ്പിക്കും. അതുകൊണ്ടു് അഡ്ജൂഡിക്കേഷനെക്കാൾ നന്നായിട്ടുള്ള ഒരേർപ്പാടാണു കൺസീലിയേഷൻ സമ്പ്രദായം.

ഇവിടെ, ഗവമ്മെണ്ടിനെപ്പറ്റി അത്ഥശൂന്യമായ അസഷൻ കൊണ്ടുവരുകയുണ്ടായി. ഞാൻ പറയുന്നു ഇന്നത്തെ ഗവമ്മെണ്ടു മുതലാളികൾക്കരികുനില്ക്കുന്ന ഒന്നാണെങ്കിൽ ഒരു നിമിഷംപോലും അവിടെ വച്ചുകൊണ്ടിരിയ്ക്കാൻ പാടില്ല, അവിടെനിന്നു അടിച്ചു പുറത്താക്കണമെന്നു അഭിപ്രായമാണു് എനിക്കുള്ളതു്. അങ്ങിനെയല്ലെങ്കിൽ അവരെസംബന്ധിച്ചു ഇത്തരം അപശബ്ദങ്ങൾ പുറപ്പെടുവിക്കുന്നതു പരിതാപകരമാണു്. ഈ വിഷയത്തിൽ തൊഴിലാളികളുടെ ഭാഗംപിടിച്ചു പറയുകയൊ, മുതലാളികളുടെ ഭാഗംപിടിച്ചു പറയുകയൊ ചെയ്യുന്നതു് തീർച്ചയായും ക്ഷന്തവ്യമല്ലെന്നു് ഞങ്ങൾസമ്മതിക്കും. തൊഴിലാളികളും മുതലാളികളും രണ്ടു വിരുദ്ധകക്ഷികളാണെന്നു വിശ്വസിക്കുന്നതു് തെറ്റാണു്. തൊഴിലാളികളില്ലെങ്കിൽ മുതലാളികളില്ല, മുതലാളികളില്ലെങ്കിൽ തൊഴിലാളികളില്ല. ഇവർ രണ്ടുകൂട്ടരും ചേർന്നാലേ വ്യവസായലോകം അഭിവൃദ്ധിപ്പെടുകയുള്ളു. ഇവർ രണ്ടുകൂട്ടരുമാണു് രാജ്യത്തിന്റെ അഭിവൃദ്ധിയ്ക്കു കാരണഭൂതന്മാർ. അതുകൊണ്ടു് ഒന്നിനെമാത്രം പിടിച്ചു്, മറ്റൊന്നിനെ അപലപിക്കുന്ന സമ്പ്രദായംവിട്ടു് ഇരുകൂട്ടരേയും രഞ്ജിപ്പിക്കുന്നസമ്പ്രദായമാണു് സ്വീകരിക്കേണ്ടതു്. അതുകൊണ്ടു് കൺസീലിയേഷൻസമ്പ്രദായം, അഡ്ജൂഡിക്കേഷൻഏറ്റവാടിനേക്കാൾ വളരെ നല്ലതാണെന്നാണു് എന്റെ അഭിപ്രായം. എന്നുപറഞ്ഞാൽ അഡ്ജൂഡിക്കേഷൻ ഏർപ്പാടു് കൊള്ളരുതാത്തതാണെന്നു് അർത്ഥമില്ല. ഏതായാലും ഇപ്പോഴത്തെ അഡ്ജൂഡിക്കേറ്റരെപ്പറ്റി പരാതികൊണ്ടുവരുന്നതു് തെറ്റാണു്. ഞാൻ എന്റെ അഭിപ്രായം വ്യക്തമായി പറയുന്നു, കൺസിലിയേഷൻ സമ്പ്രദായം ശരിയായി പ്രവർത്തിക്കുന്നതിനുള്ള ചുറവപാടുകൾ ഉണ്ടാക്കി പ്രവർത്തിയിൽ കൊണ്ടുവരികയാണെങ്കിൽ അതാണു് ഏറ്റവും നല്ലതു് എന്നു്. ഇത്രമാത്രമേ ഈ വിഷയത്തെസംബന്ധിച്ചു എനിയ്ക്കു പറയാനുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. അയ്യപ്പൻ: സർ, ഈ വിഷയത്തെക്കുറിച്ച് ഒന്നും പറയണമെന്ന് ഞാൻ വിചാരിച്ചിരുന്നില്ല. എന്നാൽ ഇവിടത്തെ പ്രസംഗങ്ങൾ കേട്ടപ്പോൾ എനിയ്ക്കും രണ്ടുവാക്ക് പറയണമെന്നുതോന്നി. ഈ കട്ട്മോഷനെസംബന്ധിച്ച് ഇവിടെയുണ്ടായ പ്രസംഗങ്ങളിൽ മുക്കാലേ അരക്കാൽഭാഗവും ഈ കട്ടമോഷനുമായി ബന്ധമില്ലാത്തവയാണ്. അഡ്ജൂഡിക്കേഷൻ വേണ്ടായെന്ന് മിസ്റ്റർ പണിക്കർ പറഞ്ഞിട്ടില്ല. പക്ഷെ, ഒരാൾക്കു പകരം മൂന്നുപേരടങ്ങുന്ന ഒരു ട്രിബ്യൂണൽ വേണമെന്നാണ് അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഇതിനെപ്പറ്റി സംസാരിച്ച മിനിസ്റ്റർ അവർകളും അഡ്ജൂഡിക്കേഷനു എതിരല്ല. പക്ഷെ, കൺസിലിയേഷൻസമ്പ്രദായംകൊണ്ട് ചില പ്രയോജനങ്ങളും ഉണ്ടെന്നാണ് അദ്ദേഹം പറയുന്നത്. പിന്നെ ആത്മതമ്മിലാണ് ഈ കാര്യത്തിൽ അഭിപ്രായവ്യത്യാസമുള്ളത് എന്ന് എനിക്കു മനസ്സിലായില്ല. ഈ സംഗതിയെസംബന്ധിച്ച മിസ്റ്റർ പനമ്പിള്ളി ഗോവിന്ദമേനോൻ ചെയ്ത പ്രസംഗത്തിൽ പണിക്കർ പറഞ്ഞ കാര്യത്തിനു സമാധാനംപറഞ്ഞു. മിസ്റ്റർ ഗോവിന്ദമേനോൻ പറഞ്ഞത് ഇതിനുവെയ്ക്കുന്ന ആൾ നിയമപാണ്ഡിത്യമുള്ള ഒരാളായിരിക്കണം എന്നാണ്. കരുവന്നൂരെക്കാര്യം ഇതിൽ കൊണ്ടുവരേണ്ട ആവശ്യമില്ല. കട്ട്മോഷന്റെ തത്വം ഗവൺമെണ്ടു സ്വീകരിച്ചിരിക്കുന്നു എന്നുള്ളതുകൊണ്ട് മിസ്റ്റർ പണിക്കരും ഗവൺമെണ്ടുംതമ്മിൽ അഭിപ്രായവ്യത്യാസമില്ല. പിന്നെ ഇതിനു ഒരാൾ വേണമോ അതോ, അതിൽ കൂടുതൽ ആളുകൾ വേണമോ എന്നുള്ളതിലാണ് അഭിപ്രായവ്യത്യാസം. ഇതിനെ സംബന്ധിച്ച് മിസ്റ്റർ ഗോവിന്ദമേനവൻപറഞ്ഞ അഭിപ്രായത്തോടാണ് ഞാൻ യോജിക്കുന്നത്. ഇത്രയും അഭിപ്രായവ്യത്യാസമില്ലാത്ത് കാര്യത്തെപ്പറ്റി സംസാരിച്ചപ്പോൾ ഗവൺമെണ്ടുഭാഗത്തും മറ്റവശത്തും ഇത്രയും അഭിപ്രായവ്യത്യാസം വരുമെന്നുണ്ടെങ്കിൽ മൂന്നുപേരെവച്ച് ഒരു കാര്യം നടത്തുമ്പോൾ എത്ര കുഴപ്പമായിരിക്കും ഉണ്ടായിരിക്കുക? ഇരുകക്ഷികൾക്കും സ്വീകരിക്കാതിരിക്കാൻ നിവൃത്തിയില്ലാത്തവിധത്തിൽ തീരുമാനം ഉണ്ടാക്കുന്നതിനുള്ള ഒരു ഏർപ്പാട് ആവശ്യമാണ്. തൊഴിലാളി മുതലാളി പ്രശ്നത്തെസംബന്ധിച്ച പല ചിന്തകന്മാരും ഗാഢമായി ചിന്തിച്ച് കണ്ടുപിടിച്ചിട്ടുള്ള ഒരേർപ്പാടാണ് അഡ്ജൂഡിക്കേഷൻ. കൺസീലിയേഷന്റെ സകല പരിശ്രമങ്ങളും പരാജയപ്പെടുമ്പോൾ പ്രയോഗിക്കാനുള്ളതാണ് അഡ്ജൂഡിക്കേഷൻ. ബഹുമാനപ്പെട്ട മന്ത്രി പറയുന്നില്ല ഇതുകൊണ്ട് ഗുണമില്ലെന്ന്. ഇനി ഇതിനെസംബന്ധിച്ച് പറയാനുള്ളത് അടുത്ത അവതരിപ്പിക്കാൻ പോകുന്ന അടിയന്തിരപ്രമേയത്തെപ്പറ്റി സംസാരിയ്ക്കുമ്പോൾ പറയാം. അതുകൊണ്ട് ഇപ്പോൾ ഇത്രമാത്രമേ ഞാൻ പറയുന്നുള്ളൂ.

Mr. K. Balakrishna Menon *(Minister for Food and Education)*: On behalf of the Government I only contend that it is just the position of the Government.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഇവിടെ അധികാരസ്ഥാനങ്ങളിലേയ്ക്ക് ചാടിക്കയറാനുള്ള വ്യാമോഹംകൊണ്ട്, അതു സാധിക്കാത്തതിന്റെ ഫലമായി നിരാശജനിച്ചതുകൊണ്ട് തൊഴിലാളിപ്രവർത്തനത്തിൽ എപ്പെട്ട ഇവിടെ കൊണ്ടുവന്നതല്ല ഈ ആവശ്യം. തൊഴിലാളികളെ പരിരക്ഷിക്കുന്ന വ്യാജേന തൊഴിലാളിപ്രസ്ഥാനത്തിനുവേണ്ടി മുതലക്കണ്ണീർപൊഴിച്ചു നടത്തുന്ന പ്രവർത്തനം വലിയ അപകടംചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഇവിടെ ഒരു ബഹുമാനപ്പെട്ട മെമ്പർ ഇന്നത്ത ഗവൺമെണ്ടു തൊഴിലാളികളുടെ ഭാഗത്തല്ല മുതലാളികളുടെഭാഗത്താണ് എന്നുപറഞ്ഞതിനോട് ഞാൻ യോജിക്കുന്നില്ല. അങ്ങിനെയായിരുന്നെങ്കിൽ, കരുവന്നൂരിൽ ഓട്ടുകമ്പനികൾ പൂട്ടിയിട്ട കമ്പനിഉടമസ്ഥന്മാരെ അറസ്റ്റുചെയ്യാൻ ഓർഡർ കൊടുക്കുകയില്ലായിരുന്നു. ഗവൺമെണ്ടു കുറച്ചു ക്ഷമയോടുകൂടിയിരിക്കുമായിരുന്നു. അതുകൊണ്ട് മുതലാളികളുടെ ഭാഗത്താണ് ഗവൺമെണ്ടു് എന്നു പറയുന്നതു ഞാൻ വിശ്വസിക്കുന്നില്ല.

ബഹുമാനപ്പെട്ട എറണാകുളം മെമ്പർ ഇവിടെ പറഞ്ഞ കാര്യത്തോട് ബഹുമാനപ്പെട്ട കണയന്നൂർ ഈഴവമെമ്പർ യോജിച്ചതിൽ ഞാൻ അത്ഭുതപ്പെടുന്നില്ല. എങ്ങിനെ യോജിക്കാതിരിക്കും? ഇതിനൊരു ചെറിയ ഉദാഹരണം പറയാം. പുതിയതായി മാക്കംകുടിയ ഒരു കുസ്യാനി കുസ്യമതത്തെപ്പറ്റി ധാരാളമായി പുകഴ്ത്തിപ്പറയാതിരിക്കുകയില്ല. അതുപോലെ എറണാകുളം മെമ്പർപറഞ്ഞ അഭിപ്രായത്തോട് എന്റെ മാന്യസ്നേഹിതൻ കണയന്നൂർ ഈഴവമെമ്പർ യോജിച്ചതിൽ ഞാൻ അതിശയിക്കുന്നില്ല. എന്നാൽ ഞാൻ ആവശ്യപ്പെടുന്നതു് അഡ്ജൂഡിക്കേഷന്റെ സ്ഥാനത്തു് ഒരു ട്രിബ്യൂണൽ വേണമെന്നാ

*Speech not corrected by the Honble Member.

LIBRARY ARCHIVES Kerala Legislative Assembly

ണ്". കരുവന്നൂർ ഓട്ടുകമ്പനിയിലെ തൊഴിൽതർക്കത്തെ സംബന്ധിച്ചുണ്ടായ അവാർഡു കമ്പനിമാനേജ്മെൻറ് നിഷേധിക്കുകയും അതിനെ സംബന്ധിച്ചു കമ്പനി പൂട്ടിയിടുകയും മറ്റും ചെയ്തകാര്യങ്ങൾ ഇപ്പോൾ കോടതിയിൽ തുയിരിക്കുകയാണ്". അതുകൊണ്ട് അതിനെപ്പറ്റി വല്ലതും പറഞ്ഞാൽ അതു് സബ്ജുഡിസാകും. അതുകൊണ്ടു ഞാൻ അതിനെപ്പറ്റി ഒന്നും പറയുന്നില്ല. എന്നാൽ ഇതിനെ സംബന്ധിച്ചു് ഒരു ദിഷ്ടാന്തം പറയാം. ഒരു കമ്പനിയിൽ അഡ്ജൂഡിക്കേഷൻ കഴിഞ്ഞാൽ രണ്ടാമതും അവിടെയുണ്ടാകുന്ന തർക്കം സംബന്ധിച്ചു് അഡ്ജൂഡിക്കേഷൻ വയ്ക്കേണ്ടിവരുന്നു. ഇങ്ങിനെ രണ്ടും മൂന്നും അഡ്ജൂഡിക്കേഷൻ ഒരു കമ്പനിയിൽവരുന്നുണ്ട്. അഡ്ജൂഡിക്കേഷൻ അവാർഡുവന്നാൽ മനസ്സകിൽശവമ്മേണ്ടു്അതിനെ അങ്ങിനെ തന്നെ സ്വീകരിക്കും. അല്ലെങ്കിൽ മുഴുവൻ തള്ളിക്കളയും. ഇതിൽ ശവമ്മെണ്ടിനു് ഒരു നിസ്സഹായാവസ്ഥയാണുള്ളതു്. അതുവേണ്ടതരത്തിൽ സ്വീകരിക്കാനുള്ള നിയമങ്ങൾവേണം. ഞാൻ ഒരു ട്രിബ്യൂണൽവേണമെന്നു പറയുന്നതു്, അധികാരത്തോടുകൂടിയ ട്രിബ്യൂണലാണ്". അതിൽ മൂന്നു പേർ വേണമെന്നു പറയുന്നതു് തൊഴിലാളികളുടെ എല്ലാ താല്പര്യങ്ങളേയും പരിരക്ഷിക്കുന്നതിനു പര്യാപ്തമായ ഒന്നായിരിക്കണമെന്നുള്ളതുകൊണ്ടാണു്. ഇതിൽ നിയമപണ്ഡിതന്മാരായിരിക്കണം ഉണ്ടായിരിക്കേണ്ടതു് എന്നു പറയുന്നതിനോടു് എനിക്കു യോജിക്കുവാൻ നിവർത്തിയില്ല. ഇതിനെ സംബന്ധിച്ചു ബഹുമാനപ്പെട്ട എറണാകുളം മെമ്പർ പറഞ്ഞതിനോടു് ബഹുമാനപ്പെട്ട കണയന്നൂർമെമ്പർ യോജിച്ചു എന്നു പറഞ്ഞു എങ്കിലും എനിയ്ക്കിതിനെ ശക്തിയായി എതുക്കാതെ നിവർത്തിയില്ല. ഇതിൻറെ വിഷമാവസ്ഥയെ ശവമ്മെണ്ടിനെ മനസ്സിലാക്കുവാൻഎനിക്കുസാധിച്ചു. തൊഴിലാളികളുടെകാര്യങ്ങൾപരിരക്ഷിയ്ക്കാൻ ഇങ്ങിനെയുള്ള ഒരു ട്രിബ്യൂണൽ കൂടാതെ കഴിയുകയില്ലായെന്നുള്ള ബോധംകൊണ്ടാണു് വേണമെന്നു ഞാൻ പറയുന്നതു്. അല്ലാതെ പ്രായപൂർത്തിവോട്ടവകാശത്തോടുകൂടിയുണ്ടാകുന്ന അടുത്തതിരഞ്ഞെടുപ്പിൽ ജയിയ്ക്കാൻ വേണ്ടിയുള്ള ഒരു മോഹിനിയാട്ടമല്ല ഞാൻ നടത്തുന്നതു്. രാജ്യത്തു സമാധാനം വേണം, തൊഴിലാളികളും മുതലാളികളും തമ്മിലുള്ള തർക്കങ്ങൾ ഇല്ലാതിരിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഇങ്ങിനെ ഒരു ട്രിബ്യൂണൽ വേണമെന്നു ശവമ്മെണ്ടിനെ ഉൽബോധിപ്പിയ്ക്കാൻ ഈ കട്ടുമോഷൻ ഇവിടെകൊണ്ടുവന്നതു്. ഇതിൻറെ തത്വം ശവമ്മേണ്ടു് സ്വീകരിക്കുമെന്നുള്ള വിചാരത്തോടുകൂടി ഞാൻ ഇതിനെ പിൻവലിച്ചുകൊള്ളുന്നു.

Motion by leave withdrawn.

6. ADJOURNMENT MOTION

Lock-out in the Karuvannur Panamkulam Tile Factories

Mr. P. Govinda Menon *(Ernakulam):* Sir, I move that the Council do now adjourn for discussing an urgent matter of public importance to wit the situation arising out of the closing of the Karuvannur and Panamkulam Tile Factories after the issue of a Government Order upon the report of the Adjudicator on the disputes of the employers and workmen of the Factory. Sir, as I stated in the morning today, at the time when I made that brief explanation regarding the scope of the motion, this adjournment motion is not being moved just in a spirit of opposition for opposition's sake (hear, hear). I may, in this connection, assure the House and the Ministers, Sir, that so long as I have the honour to lead the opposition against this Government I shall try to give them as much co-operation as possible. We shall act in a mood of responsive co-operation trying to help the Government whenever possible with the idea that whenever opportunity comes it will be for us to take that seat and not in a sense of irresponsibility. I hope it will be appreciated. We shall not waste our time in insinuations. We shall not waste our time in casting reflections on Ministers. We shall treat the Ministers with the honour, with the respect and status due to representatives of this House carrying on administration. I can assure them on behalf of the opposition that their fair name, that their status, the respect due to them will be safe in our hands and with that feeling we may proceed. For example, we shall not walk out of the Legislative Council whenever we feel any chagrin against the Government. We shall always remember that in this stage of transition, when we are progressing ferward torwards full responsible Government, towards getting full powers for this Legislature the Ministry and the opposition will have to work hand in hand for enhancing the prestige of the House and for enhancing the prestige of the Ministers.

Mr. K. Balakrishna Menon *(Minister for Food and Education):* On a point of information, Sir. how is this point relevant to the point at issue?

Mr. President: That is only a preparatoy remark.

LIBRARY ARCHIVES Kerala Legislative Assembly